**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2268** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഹരിത കർമസേന അംഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹരിത കർമ്മ സേന അംഗങ്ങളായി എത്ര പേരാണ് പ്രവർത്തിക്കുന്നത്; ഇവരുടെ പ്രവർത്തന ഫലമായി പ്രതിമാസം എത്ര ടൺ പ്ലാസ്റ്റിക് മാലിന്യമാണ് സംഭരിക്കാൻ സാധിക്കുന്നത്; ഇത് സംസ്കരിക്കാൻ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം ആണ്; വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് വാതിൽപ്പടി മാലിന്യ ശേഖരണത്തിനായി 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ഏകദേശം 30,349 ഹരിത കർമ്മ സേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ മാസവും സന്ദർശിക്കുന്ന വീട്ടുകൾ വ്യാപാര സ്ഥാപനങ്ങൾ, പൊതു സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ എണ്ണത്തിനാനുപാതികമായിട്ടാണ് പ്രതിമാസം ലഭിക്കുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ്. ഇത് ഓരോ മാസവും വ്യത്യാസപ്പെട്ടിരിക്കുന്നു.ഹരിത കർമ്മ സേന വഴി ശേഖരിക്കുന്ന അജൈവ മാലിന്യം സംഭരണത്തിനും കൈയൊഴിയലിനുമായി 12,554 മിനി എം.സി.എഫുകൾ, പ്രാഥമിക സംഭരണത്തിനും തരംതിരിവിനുമായി 1181 എം.സി.എഫ്-കൾ, 195 ആർ.ആർ.എഫുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ശേഖരിക്കുന്ന അജൈവ മാലിന്യം അവയുടെ പുന:ചംക്രമണ മൂല്യത്തിനനുസരിച്ച് തരംതിരിച്ച് സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനി/ സ്വകാര്യ ഏജൻസികൾ മുഖേനയോ പാഴ് വസ്തു വ്യാപാരികൾ മുഖേനയോ പുന:ചംക്രമണത്തിനോ പുനരുപയോഗത്തിനോ കൈമാറി വരുന്നു |

സെക്ഷൻ ഓഫീസർ